ഉത്തരം

(എ)&(ബി) ഉണ്ട്.

(സി)&(ഡി) കേസ്സ് രജിസ്റ്റർ ചെയ്ത് ടി യാളുടെ ബന്ധുക്കളെയും അയൽവാസികളെയും മറ്റും ചോദ്യംചെയ്തും മരണം നടന്ന സാഹചര്യത്തെപ്പറ്റി അന്വേഷിച്ചും തിരുവനന്തപുരം ഫോറൻസിക് ലബോറട്ടറിയിൽ നിന്നും സൈന്റിഫിക് അസിസ്റ്റന്റിനെ വരുത്തി മെറ്റീരിയൽ ഓബ്ജറ്റുകൾ ശേഖരിച്ചും മറ്റും അന്വേഷണം ഊർജ്ജിതമായി നടത്തിവരുന്നു.

(ഇ)&(എഫ്) ഉണ്ട്; ഇക്കാര്യത്തിൽ കേരള ഹൈക്കോടതിയിൽ ഒരു ഒ.പി. ഫയൽ ചെയ്തിട്ടുണ്ട്. ഹൈക്കോടതിയുടെ നിർദ്ദേശങ്ങളൊന്നും ഇതുവരെ ലഭിച്ചിട്ടില്ല.

53 (2238) പെരിങ്ങോം വയക്കര വിശ്വനാഥന്റെ ദുരൂഹ മരണം

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

1996-ലെ തെരഞ്ഞെടുപ്പ് ദിവസം ദുരൂഹ സാഹചര്യത്തിൽ മരണപ്പെട്ട കണ്ണൂർ ജില്ലയിലെ പെരിങ്ങോം വയക്കര പഞ്ചായത്തിലെ വിശ്വനാഥന്റെ മരണത്തെക്കുറിച്ചുള്ള അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

ഉത്തരം

വിശ്വനാഥന്റെ മരണം സംബന്ധിച്ച് ക്രൈം 236/സി. ആർ/96 സെക്ഷൻ 304 (എ) 202 ഐ.പി.സി. ആന്റ് 34 (എ) (ബി)ഓഫ് എം.വി ആക്റ്റ് അനുസരിച്ച് രജിസ്റ്റർ ചെയ്ത കേസ്സിന്റെ അന്വേഷണം പൂർത്തിയാക്കി പ്രതികൾക്കെതിരെ പയ്യന്നൂർ ജൂഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി മുമ്പാകെ 26-6-97-ൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്.

54 (2239) ജീപ്പിടിച്ച് കുട്ടി മരിച്ച സംഭവം

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 13.2.99-ൽ എറണാകുളം ജില്ലയിലെ ചെല്ലാനം ഗ്രാമപഞ്ചായത്തിന്റെ കെ.എൽ.7 വി. 8633 നമ്പർ ജീപ്പിടിച്ച് മൂന്നുവയസ്സുള്ള കുട്ടി മരിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന്റെ പേരിൽ വാഹനം ഓടിച്ചിരുന്ന ഡ്രൈവറുടെ പേരിൽ ഏതു വകുപ്പനുസരിച്ചാണ് കേസ്സെടുത്തിരിക്കുന്നത്;

(സി) ഈ ഡ്രൈവർക്ക് ഡ്രൈവിംഗ് ലൈസൻസ് ഇല്ലായിരുന്നു എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ ഡ്രൈവറെ നിയമിച്ച ഗ്രാമപഞ്ചായത്തധികൃതർക്കെതിരെ നടപടി സ്വീകരിക്കുമോ;

(ഇ) മരിച്ച കുട്ടിയുടെ കുടുംബത്തിന് സാമ്പത്തിക സഹായം ലഭ്യമാക്കിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഐ.പി.സി. 279,304 (എ) വകുപ്പുകൾ അനുസരിച്ച് കൊച്ചി സിറ്റി ട്രാഫിക് പി.എസ്. ക്രൈം 285/99 സി.സി. പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്. ചെല്ലാനം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായ സ്വാമിനാഥനെതിരെ സെക്ഷൻ 5 റെഡ്വിത്ത് 180 ഓഫ് എം.വി. ആക്ട് പ്രകാരം കൊച്ചി സിറ്റി ട്രാഫിക് പോലീസ് സ്റ്റേഷനിൽ പെറ്റികേസ്സ് നമ്പർ 816/99 ആയി രജിസ്റ്റർ ചെയ്ത് 16.2.99-ാം തീയതി കുറ്റപത്രം ബഹുമാനപ്പെട്ട ജെ.എസ്.സി.എം.1 കൊച്ചി കോടതി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്.

(ഇ) ഇക്കാര്യം പരിശോധിച്ചുവരുന്നു.

55 (2240) ആത്മഹത്യകളുടെ നിരക്ക്

ശ്രീ. കെ.സി. ജോസഫ് :
ശ്രീ. കെ.പി. വിശ്വനാഥൻ :
ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആത്മഹത്യകളുടെ നിരക്ക് അഖിലേന്ത്യാ ശരാശരിയേക്കാൾ കൂടുതലാണോ;

(ബി) എങ്കിൽ അതിനുള്ള കാരണമെന്ത്;

(സി) ഇതേപ്പറ്റി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ആരാണ് പഠനം നടത്തിയതെന്നും എപ്പോഴാണ് നടത്തിയതെന്നും അറിയിക്കുമോ;

(ഡി) വർദ്ധിച്ചുവരുന്ന ആത്മഹത്യാനിരക്ക് കുറയ്ക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്?

ഉത്തരം

(എ) കൂടുതലാണ്.

(ബി) കുടുംബപ്രശ്നങ്ങൾ മുഖ്യഘടകമാണ്.

(സി) ഇതു സംബന്ധിച്ച് ഒരു പഠനം മെന്റൽ ഹെൽത്ത് അതോറിറ്റി നടത്തുകയും, രൂപരേഖ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ജനങ്ങളെ ബോധവൽക്കരിക്കുകവഴി മാത്രമേ ആത്മഹത്യാനിരക്ക് കുറയ്ക്കാൻ കഴിയൂ.

56 (2241) സംസ്ഥാനത്തെ ആത്മഹത്യയുടെ നിരക്ക്

ശ്രീമതി രാധാ രാഘവൻ :

LIBRARY ARCHIVES Kerala Legislative Assembly